നന്മയല്ലാതൊന്നും ചെയ്തിടാത്തവൻ

തിന്മയാകെ മായിക്കുന്നവൻ

പാപമെല്ലാം മറക്കുന്നവൻ പുതു

ജീവനെന്നിൽ പകരുന്നവൻ

യേശു, യേശു അവനാരിലും വലിയവൻ

യേശു, യേശു അവനാരിലും മതിയായവൻ

ദൈവത്തെ സ്നേഹിക്കുമ്പോൾ സർവ്വം നന്മയ്ക്കായ് ഭവിച്ചിടുന്നു

തിരുസ്വരമനുസരിച്ചാൽ നമുക്കൊരുക്കിടുമവനഖിലം

കൃപയരുളിടുമേ ബലമണിയിക്കുമേ മാറാ മധുരമായ് മാറ്റിടുമേ...

ഇരുൾ നമ്മെ മൂടിടുമ്പോൾ ലോകവെളിച്ചമായവനണയും

രോഗികളായിടുമ്പോൾ സൗഖ്യദായകനവൻ കരുതും

അവന്നാലയത്തിൽ സ്വർഗ്ഗനന്മകളാൽ നമ്മെ നിറച്ചീടുമനുദിനവും...

കണ്ണുനീർ താഴ്വരകൾ ജീവ ജലനദിയാക്കുമവൻ

ലോകത്തിൻ ചങ്ങലകൾ മണി വീണയായ് തീർക്കുമവൻ

സീയോൻ യാത്രയതിൽ മോക്ഷ മാർഗ്ഗമതിൽ സ്നേഹ

ക്കൊടിക്കീഴിൽ നയിക്കുമവൻ.....